പരവൂർ-മയ്യനാട് കായൽപ്പാലത്തിന്റെ നിർമ്മാണം

123 [1248] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ-മയ്യനാട് കായൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തു നടപടികൾ കൈക്കൊള്ളുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) പരവൂർ-മയ്യനാട് കായൽപ്പാലത്തിന്റെ നിർമ്മാണത്തിന് 419.15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പാലത്തിന്റെ നിർമ്മാണം നബാർഡ് ധനസഹായത്തോടെ ഏറ്റെടുത്ത് നടത്തുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി (908 ലക്ഷം) നബാർഡിന് അയച്ചുകൊടുത്തിരിക്കുകയാണ്. നബാർഡിൽ നിന്നും അനുവാദം ലഭിക്കുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുവഴിക്കടവ് പാലത്തിന്റെ നിർമ്മാണം

124 [1249] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുവഴിക്കടവ് പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ അബട്ട്മെന്റ്, പിയർ തുടങ്ങിയവയുടെ നിർമ്മാണം പൂർത്തിയായി. മൊത്തം 4 സ്ലാബുകളിൽ ഒരെണ്ണം പൂർത്തിയായി. ഒരു വശത്തുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന ഡെക്ക് സ്ലാബുകൾ, അപ്രോച്ച് റോഡ് തുടങ്ങിവയുടെ പണി നടന്നു വരുന്നു.

(ബി) 2006 ഏപ്രിൽ മാസത്തിൽ പണി പൂർത്തിയാക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly